# Std. I - Chapter 3 - Revision - Main points

## പാഠം 3 — ദൈവം മനുഷ്യനെ സൃഷ്ടിച്ചു

| No. | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ദൈവം ആദിയിൽ ആരെയെല്ലാം സൃഷ്ടിച്ചു? | ദൈവം ആദിയിൽ പുരുഷനെയും സ്ത്രീയെയും മനുഷ്യനായി സൃഷ്ടിച്ചു. |
| 2 | ആദ്യത്തെ പുരുഷൻ ആരാണ്? | ആദം. |
| 3 | ആദ്യത്തെ സ്ത്രീ ആരാണ്? | ഹവ്വാ. |
| 4 | ദൈവം മനുഷ്യനെ എങ്ങനെയാണ് സൃഷ്ടിച്ചത്? | ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. |
| 5 | മനുഷ്യൻ ആരുടെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്? | ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ്. |
| 6 | നമ്മുടെ കുടുംബത്തിൽ ആരെല്ലാമുണ്ട്? | അപ്പൻ, അമ്മ, ചേട്ടൻ, ചേച്ചി, അനുജൻ, അനുജത്തി തുടങ്ങിയവർ. |
| 7 | നമ്മെ സൃഷ്ടിച്ചത് ആര്? | ദൈവം. |
| 8 | ദൈവം നമ്മെ സൃഷ്ടിച്ചതിനുശേഷം എന്തു ചെയ്യുന്നു? | ദൈവം നമ്മെ സ്നേഹിക്കുന്നു. |
| 9 | നമുക്ക് ജീവൻ നൽകുന്നത് ആര്? | ദൈവം. |
| 10 | ദൈവം യരുടെ നാഥനാണ്? | ദൈവം ജീവന്റെ നാഥനാണ്. |
| 11 | നമ്മെ സൃഷ്ടിച്ച ദൈവത്തോട് നാം എന്തു പറയണം? | "എന്നെ സൃഷ്ടിച്ച സ്നേഹമുള്ള ദൈവമേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു" എന്നു പറയണം. |
| 12 | ദൈവം എങ്ങനെയുള്ളവനാണ്? | ദൈവം സ്നേഹരൂപനും നന്മയുടെ ഉറവിടവും സർവശക്തനും ജീവൻ നൽകുന്നവനും പിതാവുമാണ്. |
| 13 | നമ്മുടെ ദൈവം എങ്ങനെയുള്ളവനാണ്? | നമ്മുടെ ദൈവം സ്നേഹരൂപനാണ്, നന്മരൂപനാണ്. |
| 14 | നമ്മുടെ ദൈവം എന്തു നൽകുന്നവനാണ്? | ദൈവം ജീവൻ നൽകുന്നവനാണ്. |
| 15 | ദൈവം നമ്മുടെ യരാണ്? | ദൈവം നമ്മുടെ പിതാവാണ്. |
| 16 | ദൈവം സർവശക്തനാണെന്ന് എങ്ങനെ മനസ്സിലാക്കാം? | ദൈവം മനുഷ്യനെയും സകല സൃഷ്ടികളെയും സൃഷ്ടിച്ചതിലൂടെ അവിടുന്ന് സർവശക്തനാണെന്ന് മനസ്സിലാക്കാം. |
| 17 | നാം ദൈവത്തെ എന്തുകൊണ്ട് സ്തുതിക്കണം? | ദൈവമാണ് നമ്മെ സൃഷ്ടിച്ചതും സ്നേഹിക്കുന്നതും ജീവൻ നൽകുന്നതും ആയതിനാൽ നാം ദൈവത്തെ സ്തുതിക്കണം. |
| 18 | "ദൈവമാണ് നമ്മെ സൃഷ്ടിച്ചത്" എന്ന് പറയുന്ന സങ്കീർത്തനം ഏത്? | സങ്കീർത്തനം 100:3. |
| 19 | സങ്കീർത്തനം 100:3ൽ എന്താണ് പറയുന്നത്? | "ദൈവമാണ് നമ്മെ സൃഷ്ടിച്ചത്, നമ്മൾ അവിടുത്തേതാണ്." |
| **C** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | "ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു." — ഉല്പത്തി 1:27 | |
| | "ദൈവമാണ് നമ്മെ സൃഷ്ടിച്ചത്, നമ്മൾ അവിടുത്തേതാണ്." — സങ്കീർത്തനങ്ങൾ 100:3 | |
| 2 | "എന്നെ സൃഷ്ടിച്ച സ്നേഹമുള്ള ദൈവമേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു." — പാഠഭാഗത്തെ പ്രാർത്ഥന . | |
| **D** | **ഓർമ്മിക്കേണ്ട വാക്യം** | |
| | ദൈവം നമ്മെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ദൈവം നമ്മെ സ്നേഹിക്കുന്നു; ജീവൻ നൽകുന്നു. അതിനാൽ നാം ദൈവത്തെ സ്തുതിക്കുകയും സ്നേഹിക്കുകയും വേണം. | |